സെപ്തംബർ
30 വ്യാഴം 2021

ദേശാഭിമാനി aksharamdbi@gmail.com

അക്ഷരമുറ്റം



കർമയോഗിയുടെ കാൽപ്പാടുകൾ

സത്യവും ധർമവും മുഖമുദ്രയാക്കിയ കർമയോഗിയായിരുന്നു മഹാത്മ ഗാന്ധി. ഇന്ത്യൻ ജീവിതത്തിന്റെ ഉൾത്തുടിപ്പുകളറിഞ്ഞ മഹനായ മനുഷ്യസ്നേഹി. അവഗണനയുടെ പുറമ്പോക്കുകളിലേക്ക് വലിച്ചെറിയപ്പെട്ടവർക്കൊപ്പമായിരുന്നു അദ്ദേഹത്തിന്റെ മനസ്സ്. ഉടുപ്പിലും നടപ്പിലും ചിന്തയിലും പ്രവൃത്തിയിലും വ്യത്യസ്തനായിരുന്നു ഗാന്ധിജി. വൈവിധ്യമാർന്ന ഇന്ത്യയിലെ സാധാരണക്കാരന്റെ ഹൃദയസ്പന്ദനമായി രാജ്യത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച ഗാന്ധിജിയുടെ ജീവിതവുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ വായിക്കൂ.

ഒക്ടോബർ രണ്ട് . ഗാന്ധിജയന്തി ദിനം. ബാപ്പുവിനെക്കുറിച്ച് അന്വേഷിക്കാനും അറിയാനുമുള്ള അവസരം. ധീരമായ പോരാട്ടങ്ങളുടെ തുടർക്കഥയായിരുന്നു മഹാത്മാഗാന്ധിയുടെ ജീവിതം. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നുപറഞ്ഞ തികഞ്ഞ കർമയോഗിയെക്കുറിച്ചുള്ള ഓർമ പുതിയ കാലത്ത് നമുക്ക് കരുത്താകണം. സ്നേഹത്തിന്റെ സദ്ഭാവനകൾ ഉണർത്തുന്നതിനും സാഹോദര്യത്തിന്റെ കൂട്ടായ്മകൾക്ക് കരുത്ത് പകരുന്നതിനും ഗാന്ധിജയന്തി സ്മരണയ്ക്ക് കഴിയട്ടെ.

ഒരേയൊരു ഗാന്ധി

കോളനിവാഴ്ചയിൽനിന്ന് ഒരു ജനതയുടെ സ്വാതന്ത്ര്യം, അയിത്താചാരങ്ങളിൽനിന്നും അസമത്വങ്ങളിൽനിന്നും ഹരിജനങ്ങളുടെ (ദൈവത്തിന്റെ ജനം) മോചനം, പുരുഷാധിപത്യത്തിന്റെ നരകത്തിൽനിന്ന് സ്ത്രീജനങ്ങളുടെ മുക്തി, മതവൈരത്തിന്റെ തീച്ചൂളയിൽനിന്ന് സമൂഹത്തിന്റെ രക്ഷ. ഇവയ്ക്കെല്ലാംവേണ്ടി നാലുദശകത്തിലേറെ നീണ്ട പോരാട്ടത്തിനൊടുവിൽ ഒരു വെടിയുണ്ടയെ ഏറ്റുവാങ്ങി, 'ഹേ, റാം' എന്ന പ്രാർഥനയിലൊടുങ്ങിയ മഹത്തായ ജീവിതമായിരുന്നു ബാപ്പുവിന്റേത്.

സങ്കൽപ്പത്തിലെ ഇന്ത്യ

"പട്ടിണിപ്പാവങ്ങൾക്കുപോലും ഇത് തന്റെ നാടാണ് എന്ന ബോധമുണ്ടാവുന്ന ഇന്ത്യ. ഈ നാട് പടുത്തുയർത്തുന്നതിൽ അവർക്കുകൂടി ഒരു പങ്കാളിത്തം ഉണ്ടാവണം. അങ്ങനെയുള്ള ഇന്ത്യയിൽ താഴ്ന്നവനെന്നോ ഉയർന്നവനെന്നോ ഭേദമുണ്ടാവില്ല. സമുദായങ്ങൾ തമ്മിൽ വൈജാത്യമുണ്ടാവില്ല. അവിടെ തീണ്ടലില്ല. അപകടകരമായ മാദകവസ്തുക്കളില്ല. അയിത്താചരണത്തിന് സ്ഥാനമില്ല. ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം, പാഴ്സി എന്നിങ്ങനെ ഭേദമുണ്ടാവില്ല. എല്ലാവരും ഒരേ മാതാവിന്റെ സന്തതികൾ. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യപങ്കാളിത്തം. എന്റെ സങ്കൽപ്പത്തിലുള്ളത് രാമരാജ്യം. തുല്യനീതി, തുല്യനിയമം, തുല്യപങ്കാളിത്തം. ഇതാണ് എന്റെ സങ്കൽപ്പത്തിലെ ഇന്ത്യ".

ഗാന്ധിജിയുടെ വാക്കുകളാണിത്. അദ്ദേഹത്തിന്റെ സ്വപ്നം ആ ഇന്ത്യയിലെത്താൻ നമുക്ക് ഇനിയുമായിട്ടില്ല. കുട്ടികൾക്കാണ് മാറ്റത്തിനുള്ള പ്രവർത്തനങ്ങളിൽ പതാകവാഹകരാവാൻ കഴിയുക.

- 1869 ഒക്ടോബർ 2. ഗുജറാത്തിൽ പോർബന്തർ എന്ന സ്ഥലത്തു ജനിച്ചു. അച്ഛൻ: കരംചന്ദ് ഗാന്ധി. അമ്മ: പുത്‌ലിഭായ്. പേര്: മോഹൻദാസ്.
- ഗാന്ധിജി ജനിച്ച വീട് ഇപ്പോൾ അറിയപ്പെടുന്നത് കീർത്തി മന്ദിർ എന്നാണ്.
- കരംചന്ദ് ഗാന്ധിയുടെയും പുത്‌ലിബായിയുടെയും നാല് മക്കളാണ് ലക്ഷ്മിദാസ്, മോഹൻദാസ്, റാലിയത് ബെഹൻ, കർസൻദാസ് എന്നിവർ.
- രംഭയാണ് ഗാന്ധിജിയുടെ വളർത്തമ്മ
- ഹരിലാൽ, രാംദാസ്, മണിലാൽ, ദേവ്ദാസ് എന്നിവർ മക്കളാണ്.
- ജീവചരിത്രം രചിച്ച ഫ്രഞ്ച് നോവലിസ്റ്റാണ് റൊമെയ്ൻ റോളണ്ട്.
- ജീവിതത്തെ ഏറെ സ്വാധീനിച്ച അദ്ദേഹം തന്നെ വഴികാട്ടിയും സഹായിയും എന്ന് വിശേഷിപ്പിച്ച വ്യക്തിയാണ് റായ്ചന്ദ് ബായ്
- അദ്ദേഹം ഉപയോഗിച്ചിരുന്ന പ്രത്യേകതരം വാച്ച് ഇംഗർസോൾ ആയിരുന്നു. വാച്ചിനെ 'മൈ ലിറ്റിൽ ഡിക്റ്റേറ്റർ' എന്നാണ് വിശേഷിപ്പിച്ചത്.
- നിയമം പഠിച്ചത് ലണ്ടനിലെ ഇന്നർ ടെമ്പിളിലാണ്. നിയമം പഠിക്കാൻ ഉപദേശിച്ച വ്യക്തിയാണ് മാവ് ജി ദവേ.
- ആദ്യ നിരാഹാരസത്യഗ്രഹം അഹമ്മദാബാദിലെ (1918) തുണിമിൽ തൊഴിലാളികൾക്ക് വേണ്ടി.
- ആദ്യ സത്യഗ്രഹം ബീഹാറിലെ ചമ്പാരനി (1917) ലാണ്
- ആദ്യമായി കോൺഗ്രസ് പ്രസിഡന്റായത്- 1924 (ബൽഗാം)
- സത്യഗ്രഹം എന്ന വാക്ക് നിർദേശിച്ചത് മഗൻലാൽ ഗാന്ധിയാണ്
- 'മോഹൻദാസ് ഗാന്ധി' ആണ് ഗാന്ധിജിയെക്കുറിച്ച് മലയാളത്തിൽ ഇറങ്ങിയ ആദ്യ പുസ്തകം (സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയാണ് രചിച്ചത്).
- മധുരയിൽ വൈഗാനദിക്കരയിൽവച്ചാണ് സാധാരണക്കാരായ കൃഷിക്കാരുടെ വേഷമേ ഇനി ധരിക്കൂ എന്ന് പ്രഖ്യാപിച്ചത്.
- ഹരിശ്ചന്ദ്രൻ എന്ന പുരാണ കഥാപാത്രത്തിന്റെ സ്വാധീനത്താലാണ് ജീവിതത്തിൽ സത്യസന്ധനായിരിക്കണമെന്ന തീരുമാനം എടുക്കാൻ അദ്ദേഹം തീരുമാനിച്ചത്.
- കന്യാകുമാരിയിലാണ് ഗാന്ധി മെമ്മോറിയൽ സ്ഥിതിചെയ്യുന്നത്.
- ട്രാൻസ്‌വാൾ സത്യഗ്രഹത്തിൽ പങ്കെടുത്തതിന് ജയിൽവാസം അനുഭവിച്ചവരുടെ കുടുംബത്തെ സംരക്ഷിക്കായി സ്ഥാപിച്ച ആശ്രമമാണ് ടോൾസ്റ്റോയ് ഫാം
- 'ഒന്നുകിൽ ഞാൻ ലക്ഷ്യം നേടി തിരിച്ചുവരും അല്ലെങ്കിൽ എന്റെ ജഡം അറബിക്കടലിൽ ഒഴുകി നടക്കും 'ദണ്ഡിയാത്രയ്ക്ക് പോകുന്നതിന് മുമ്പാണ് ഗാന്ധിജി ഇങ്ങനെ അഭിപ്രായപ്പെട്ടത്
- ദക്ഷിണാഫ്രിക്കയിലെ സമര കാലഘട്ടത്തിൽ 6 തവണ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ദക്ഷിണാഫ്രിക്കയിൽ 21 വർഷം ജീവിച്ചു
- ഇന്ത്യയിൽ 2089 ദിവസവും ദക്ഷിണാഫ്രിക്കയിൽ 249 ദിവസവും ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. (ആകെ 2338 ദിവസം)
- ഏറെ ഇഷ്ടപ്പെട്ട വളർത്തു മൃഗമായിരു

അറിവിന്റെ ചെറുതുള്ളികൾ 203

എം കെ മധു / littledropsofknowledge@gmail.com

ന്നു നിർമല എന്ന ആട്. 1931ൽ രണ്ടാം വട്ടമേശ സമ്മേളനത്തിന് പോയപ്പോൾ അതിനെയും കൂടെ കൂട്ടി.

- ഗാന്ധിജി നിയമലംഘനസമരം പിൻവലിച്ചതിനെ ദേശീയദുരന്തം എന്നാണ് സുഭാഷ് ചന്ദ്രബോസ് വിശേഷിപ്പിച്ചത്
- ചർക്ക പരിചയപ്പെടുത്തിയത് ഗംഗാബെൻ മജുംദാർ ആണ്. ചർക്ക തിരിക്കുന്ന വിഖ്യാത ഫോട്ടോ എടുത്തത് മാർഗരറ്റ് ബൂർക്കെ വൈറ്റാണ്.
- ഗാന്ധിജിയുടെ ആത്മീയ ഗുരു ടോൾസ്റ്റോയ്. ആത്മീയ പിൻതുടർച്ചക്കാരൻ വിനോബാഭാവേ. രാഷ്ട്രീയ ഗുരു ഗോപാൽകൃഷ്ണ ഗോഖലെ. രാഷ്ട്രീയ പിൻതുടർച്ചക്കാരൻ നെഹ്റു
- ഗോവാലിയ ടാങ്ക് മൈതാനത്താണ് ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം നടത്തിയത്.
- ഗാന്ധിജിയുടെ മരണത്തിൽ മനം നൊന്ത് വള്ളത്തോൾ രചിച്ച കാവ്യമാണ് 'ബാപ്പുജി'.
- ഗാന്ധിയൻ സാമ്പത്തിക ദർശനങ്ങൾ അനുസരിച്ച് സാമ്പത്തിക പ്രവർത്തനങ്ങളുടെ അടിസ്ഥാന യൂണിറ്റും കേന്ദ്രവും ഗ്രാമമാണ്.
- 1948 ജനുവരി 20ന് ഗാന്ധിജിക്ക് നേരെ ബോംബ് എറിഞ്ഞ വ്യക്തിയാണ് മദൻലാൽ പാഹ്‌വ.
- ജൂലിയസ് നരേരയാണ് ഗാന്ധി സമാധാന പുരസ്കാരത്തിന് അർഹനായ ആദ്യ വ്യക്തി.
- 'അൺടു ദിസ് ലാസ്റ്റ്' (ജോൺ റസ്കിൻ) എന്ന പുസ്തകത്തിൽനിന്നും പ്രചോദിതനായി 1904ൽ ഗാന്ധിജി സൗത്ത് ആഫ്രിക്കയിലെ ഡർബനിൽ ആരംഭിച്ചതാണ് ഫീനിക്സ് സെറ്റിൽമെന്റ്. ഈ പുസ്തകം ഗാന്ധിജി 'സർവോദയ' എന്ന പേരിൽ ഗുജറാത്തിയിലേക്ക് മൊഴിമാറ്റി.
- ഗാന്ധിജിയുടെ വിദ്യാഭ്യാസ പദ്ധതി 'വാർധ' പദ്ധതി എന്ന് അറിയപ്പെടുന്നു
- ഗാന്ധിജിയുടെ ജോഹന്നസ് ബർഗിലെ വീടായിരുന്നു 'ദി ക്രാൽ'.
- 1930 മാർച്ച് 12ന് 78 അനുയായികളുമായി സബർമതി ആശ്രമത്തിൽനിന്ന് 385 കിലോമീറ്റർ ദൂരം കാൽനടയായിട്ടാണ് ദണ്ഡി കടപ്പുറത്ത് എത്തിയത്. ഗാന്ധിജിയുടെ ദണ്ഡിയാത്രയെ 'ശ്രീരാമന്റെ ലങ്കയിലേക്കുള്ള യാത്ര' യോടാണ് മോത്തിലാൽ നെഹ്റു ഉപമിച്ചത്.
- ഉപ്പു സത്യഗ്രഹസമയത്ത് ഗാന്ധിജിയെ അറസ്റ്റ് ചെയ്തത് 'കരാഡി'യിൽ വച്ചാണ്.
- ഗാന്ധി പോസ്റ്റ് കാർഡ് ഇറക്കിയ ആദ്യ രാജ്യമാണ് പോളണ്ട്.
- ചമ്പാരൻ സത്യഗ്രഹത്തിന്റെ നേതാവാണ് രാജ്കുമാർ ശുക്ല. അദ്ദേഹത്തിന്റെ ക്ഷണപ്രകാരമാണ് ഗാന്ധി അവിടെയെത്തിയത്.
- ഇന്ത്യയിലെ മൂന്നാമത്തെ ദേശീയ അവധിയാണ് ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ 2. ഒക്ടോബർ രണ്ടിന് ജനിച്ച മറ്റൊരു പ്രശസ്ത വ്യക്തി ലാൽ ബഹദൂർ ശാസ്ത്രിയും അന്തരിച്ച വ്യക്തി രാജാരവിവർമയുമാണ്.
- ഇന്ത്യ സ്വതന്ത്രമാകുമ്പോൾ ഗാന്ധിജി ബംഗാളിലെ നവഖാലി ഗ്രാമത്തിൽ വർഗീയ ലഹള ബാധിച്ചിടത്ത് സമാധാനം പുനഃസ്ഥാപിക്കാൻ ശ്രമിക്കുകയായിരുന്നു. അന്നേ ദിവസം നിരാഹാരമനുഷ്ഠിച്ചത് അവിടുത്തെ ഹൈദരി മൻസിലിലാണ്.
- ഹരിജൻ ഫണ്ട് പിരിക്കാൻ കേരളത്തിൽ എത്തിയ ഗാന്ധിജിക്ക് വടകരയിൽ വച്ച് തന്റെ സ്വർണാഭരണങ്ങൾ നൽകിയത് കൗമുദിയാണ്.
- വക്കീലായ ഗാന്ധിജി ദാദാ അബ്ദുല്ല & കമ്പനി ഉടമസ്ഥതയിലുള്ള വ്യാപാര സ്ഥാപനത്തെ കേസിൽ സഹായിക്കാനാണ് ദക്ഷിണാഫ്രിക്കയിലേക്ക് പോയത്.
- ഗാന്ധിജിയുടെ അവസാനത്തെ സത്യഗ്രഹം 1948 ജനുവരി 12ന് ഡൽഹിയിൽ ആരംഭിച്ചതായിരുന്നു. പാകിസ്ഥാന് ഇന്ത്യ നൽകാനുള്ള 55 കോടി രൂപ നൽകാൻ ആവശ്യപ്പെട്ടുകൊണ്ടും ഹിന്ദു-മുസ്ലിം സംഘട്ടനത്തിൽ വേദനിച്ചു കൊണ്ടുമായിരുന്നു സത്യഗ്രഹം. ഗാന്ധിജിയെ വധിക്കാൻ ഗോഡ്സെയെ പ്രേരിപ്പിച്ച കാരണങ്ങളിലൊന്ന് ഇതായിരുന്നു
- 1948 ജനുവരി 30ന് ഡൽഹിയിൽ ഗോഡ്സെയുടെ വെടിയേറ്റ് രക്തസാക്ഷിയായി.